(സി) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയായ അതുല്യം രണ്ടാം ഘട്ടം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത്, സാമൂഹ്യ ക്ഷേമം, നഗരകാര്യ-ന്യൂനപക്ഷക്ഷേമം, ഗ്രാമവികസനം, സഹകരണം, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടത്തുന്നത്. പാലക്കാട് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, എസ്.സി./എസ്.റ്റി. എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ആദിവാസി സാക്ഷരതാ പദ്ധതി (അട്ടപ്പാടി) നടപ്പിലാക്കുന്നു. മിഷൻ 676-ലെ മറ്റ് പദ്ധതികളെല്ലാം പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടപ്പിലാക്കുന്നത്.

(ഡി) അതുല്യം പദ്ധതിയുടെ (രണ്ടാം ഘട്ടം) സുഗമമായ നടത്തിപ്പിനായി സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും സംഘാടക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർ, ഇൻസ്ട്രക്ടർമാർ, പ്രേരക്മാർ എന്നിവർക്ക് ജില്ലാ തലങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ എന്നിവരെ ഉൾപ്പെടുത്തി സർക്കാർ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. അക്ഷരലക്ഷം പദ്ധതിയുടെ ഭാഗമായി ആദിവാസി മേഖല, തീരദേശ മേഖല, നഗരചേരികൾ, മത്സ്യത്തൊഴിലാളികൾ, ഭാഷാ ന്യൂനപക്ഷ മേഖലകൾ എന്നീ നിരക്ഷരതാ ഇരുട്ടുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിലൂടെ കേരളത്തിലെ 50,000 പേരെ സാക്ഷരരാക്കാനാണ് ഉദ്ദേശിക്കുന്നത്. ആദിവാസി സാക്ഷരതാ പരിപാടിയുടെ ഭാഗമായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ബ്ലോക്ക് തല മീറ്റിംഗുകളും പഞ്ചായത്ത് തല മീറ്റിംഗുകളും വിളിച്ച് ചേർത്ത് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മിഷൻ 676-ലെ മറ്റ് പദ്ധതികളെല്ലാം പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടപ്പിലാക്കുന്നത്.

എയ്ഡഡ്, അൺ എയ്ഡഡ് പോളിടെക്നിക്കുകളിൽ
എ.ഐ.സി.ടി.ഇ. ശമ്പള സ്കെയിൽ

96 (1132) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയിഡഡ്, അൺ എയിഡഡ് പോളിടെക്നിക്കുകളിൽ എ.ഐ.സി. ടി. ഇ. ശമ്പള സ്കെയിൽ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ എയിഡഡ്, അൺ എയിഡഡ് പോളിടെക്നിക്കുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ യോഗ്യതാ മാനദണ്ഡങ്ങളിൽ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ യോഗ്യതകളിൽ ഏകീകരണവും ശമ്പള സ്കെയിൽ വ്യത്യാസവും വരുത്തിയിരിക്കുന്നത് എന്തടിസ്ഥാനത്തിലാണ് ; വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള വ്യത്യാസം പോളിടെക്നിക്കുകളുടെ അംഗീകാരം നഷ്ടമാക്കും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ ?

ഉത്തരം

(എ) 20-2-2014 തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്.) 75/2014/ ഫിൻ പ്രകാരം സംസ്ഥാനത്ത് എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളിൽ 1-7-2013 മുതൽ പ്രാബല്യത്തിൽ എ.ഐ.സി.റ്റി.ഇ. സ്കീം നടപ്പിലാക്കിയിട്ടുണ്ട്. അൺ എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ. സ്കീം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലില്ല.

(ബി) സർക്കാർ/എയ്ഡഡ് പോളിടെക്നിക്ക് ജീവനക്കാർക്കുള്ള യോഗ്യതാ മാനദണ്ഡങ്ങൾ അൺ എയ്ഡഡ് മേഖലയിലെ പോളിടെക്നിക്ക് ജീവനക്കാർക്കും ബാധകമാണ്.

(സി) അൺഎയ്ഡഡ് മേഖലയിൽ ശമ്പളം നൽകുന്നത് ബന്ധപ്പെട്ട മാനേജ്മെന്റുകളാണ്. ഇക്കാര്യത്തിൽ സർക്കാരിന് ബാധ്യതയില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്റർ

97 (1133) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉന്നത സാങ്കേതികവിദ്യാലയങ്ങളിൽ ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്ന നടപടിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ ;

(ബി) ഇതിനായി എത്ര തുക നടപ്പ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly